Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2328158
MOBILE : 8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

5th June 2025

**തദ്ദേശപൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായി നടത്തും-സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ**

2025 ലെ തദ്ദേശസ്വയംഭരണ പൊതുതിരഞ്ഞെടുപ്പ് പരിസ്ഥിതി സൗഹൃദമായും, ഹരിതചട്ടങ്ങൾ പാലിച്ചുമായിരിക്കും നടത്തുകയെന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ പറഞ്ഞു. പ്ളാസ്റ്റിക് മാലിന്യത്തിനെതിരെ പൊരുതുക എന്ന ഈ വർഷത്തെ പരിസ്ഥിതിദിനസന്ദേശം ഉൾക്കൊണ്ടാകണം തിരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ. പ്ളാസ്റ്റികിന്റെ ഉപയോഗം പരമാവധി കുറയ്ക്കുകയും , പരിസ്ഥിതിക്ക് ഹാനികരമല്ലാത്ത രീതിയിൽ പ്ളാസ്റ്റിക് കൈകാര്യം ചെയ്യുകയും വേണമെന്ന് കമ്മീഷണർ പറഞ്ഞു.

ലോകപരിസ്ഥിതിദിനത്തോടനുബന്ധിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ ആസ്ഥാനത്ത് കമ്മീഷണർ വൃക്ഷത്തൈ നട്ടു. ചടങ്ങിൽ ജീവനക്കാർ സുഗതകുമാരി രചിച്ച “ഒരു തൈ നടാം നമുക്കമ്മയ്ക്കു വേണ്ടി” എന്ന കവിത ആലപിച്ചു. കമ്മീഷൻ സെക്രട്ടറി ബി.എസ്.പ്രകാശ്, സ്റ്റാഫ് വെൽഫെയർ ക്ളബ്ബ് സെക്രട്ടറി അനിൽജോണി, കമ്മീഷനിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

**(എസ്.ഇ.സി. 9/2025)**



ലോകപരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ
എ.ഷാജഹാൻ കമ്മീഷൻ ആസ്ഥാനത്ത് വൃക്ഷത്തൈ നടുന്നു